LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് കോളേജുകളിൽ പുതിയ എയ്ഡഡ് കോഴ്സുകൾ അനുവദിക്കാൻ നടപടി

71 [2292] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ പുതിയ എയ്ഡഡ് കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനം വ്യക്തമാക്കാമോ;

(ബി) അടുത്ത അധ്യയന വർഷത്തിൽ പുതിയ എയ്ഡഡ് കോഴ്സുകൾ അനുവദിക്കുമോ?

ഉത്തരം

(എ ആന്റ് ബി) എയ്ഡഡ് കോളേജുകളിൽ പുതിയ എയ്ഡഡ് കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

സർക്കാർ കോളേജുകളിലെയും എയ്ഡഡ് കോളേജുകളിലെയും അനദ്ധ്യാപക തസ്തികയിൽ ജോലി സ്ഥിരത ഉറപ്പുവരുത്താൻ നടപടി

72 [2293] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽനിന്നും പ്രീഡിഗ്രി പൂർണ്ണമായും വേർപ്പെടുത്തിയത് എത് വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി പൂർണ്ണമായും വേർപ്പെടുത്തിയതിനെ തുടർന്ന് സർക്കാർ കോളേജുകളിലെയും എയ്ഡഡ് കോളേജുകളിലെയും അനദ്ധ്യാപക തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുവാനും അവരുടെ സീനിയോറിറ്റി നഷ്ടപ്പെടാതെ ഉദ്യോഗക്കയറ്റം അടക്കമുള്ള സേവന വേതന വ്യവസ്ഥകൾ സംരക്ഷിച്ചുകിട്ടുന്നതിനും കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?